പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1539** 05.12.2014-ൽ മറുപടിക്ക്

<u>വാനനിരീക്ഷണ കേന്ദ്രത്തെ സംരക്ഷിത സ്മാരകമാക്കാൻ നടപടി</u>

<u>ചോദ്യം</u>

ശ്രീ. കെ.എൻ.എ.ഖാദർ:

<u>ഉത്തരം</u>

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ഇരുന്നൂറ് വർഷത്തോളം പഴക്കമുള്ളതും, പൈതൃക ശേഷിപ്പുമായ ആദ്യകാല വാനനിരീക്ഷണ കേന്ദ്രം പുരാവസ്തു വകുപ്പിനെക്കൊണ്ട് ഏറ്റെടുപ്പിച്ച് പുനരുദ്ധരിക്കണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (എ) ആന്റ് (ബി) | വാനനിരീക്ഷണ കേന്ദ്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. പുരാവസ്തു വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം പരിശോധിച്ച് ചരിത്രപരവും 100 വർഷത്തിലപ്പുറം പഴക്കവുമുള്ള വാനനിരീക്ഷണകേന്ദ്രം സംരക്ഷിക്കപ്പെടേണ്ടതാണെന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ വാനനിരീക്ഷണ കേന്ദ്രം കേന്ദ്ര സർക്കാരിന്റെ Indian Meteorological Department ന്റെ കീഴിലായതിനാൽ കേന്ദ്രപൊതുമരാമത്ത് വകുപ്പ് മുഖാന്തിരമാണ് നടപടികൾ സ്വീകരിക്കേണ്ടത്. |
| (ബി) | ഈ മന്ദിരത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ